# മലപ്പുറം സ്ഫോടനം : സംഘത്തലവനടക്കം രണ്ടുപേര് കൂടി അറസ്റ്റിൽ.

മലപ്പുറം: മലപ്പുറം കലക്ടറേറ്റിലെ കോടതി വളപ്പിലുണ്ടായ ബോംബ് സ്ഫോടനക്കേസിൽ സംഘത്തലവനടക്കം രണ്ടുപേർ കൂടി അറസ്റ്റിൽ. തമിഴ്നാട് മധുര കേന്ദ്രമായി പ്രവർത്തിക്കുന്ന ബേസ്മൂവ്മെന്റ് ഭീകരസംഘടനയുടെ തലവൻ മധുര സത്യമൂർത്തി സ്ട്രീറ്റിലെ എൻ.അബൂബക്കർ (40), സഹായി മധുര കയ്ദെ മില്ലത്ത് നഗറിലെ എ. അബ്ദുല് റഹ്മാന് (27) എന്നിവരെയാണു മലപ്പുറം പോലീസ് അറസ്റ്റു ചെയ്തത്. ഇന്നലെ രാവിലെ മലപ്പുറത്തെത്തിച്ച പ്രതികളെ മഞ്ചേരി ജില്ലാ കോടതിയിൽ ഹാജരാക്കി 18വരെ റിമാൻഡ് ചെയ്തു. ഈ കേസിൽ മലപ്പുറം പോലീസിന്റെ ആദ്യ അറസ്റ്റാണിത്. സ്ഫോടനങ്ങൾക്കുപിന്നില് ബേസ്മൂവ്മെന്റാണെന്നു സൂചന ലഭിച്ചതോടെ ഈ സംഘടനയെ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണു പ്രതികൾ പിടിയിലായത്. സ്ഫോടനവുമായി ബന്ധപ്പെട്ട് ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ) നേരത്തെ അഞ്ചു പേരെ അറസ്റ്റ് ചെയ്തിരുന്നു. തമിഴ്നാട് മധുര സ്വദേശികളായ ഇസ്മയിൽപുരം കെ.പുത്തൂർ അബാസ് അലി (ലൈബ്രറി അബാസ് 27), വിശ്വനാഥ നഗർ ഷംസൂണ് കരീം രാജ (23), സോഫ്റ്റ്വെയര് എൻജിനീയറായ പള്ളിവാസല് ഫസ്റ്റ് സ്ട്രീറ്റ് നെൽപ്പട്ട ദാവൂദ് സുലൈമാൻ കോയ (23), തയിർ മാർക്കറ്റ് ഷംസുദീന് (26), ആന്ധ്ര ആത്തിക്കുളം മുഹമ്മദ് അയൂബ് (26) എന്നിവരെയാണ് അറസ്റ്റ് ചെയ്തിരുന്നത്. ഇതോടെ ഈ കേസിൽ പിടിയിലായവരുടെ എണ്ണം ഏഴായി. നേരത്തെ പിടിലായവരെ ചോദ്യം ചെയ്ാനായയി മലപ്പുറം പോലീസ് കസ്റ്റഡിയില് വാങ്ങിയിരുന്നു. തുടർന്നാണു പ്രധാന പ്രതികളെക്കുറിച്ചുള്ള സൂചന ലഭിച്ചത്. മധുര സ്വദേശിയും അൽ ഉമ്മ നേതാവുമായിരുന്ന ഇമാം അലി 2002ൽ ബംഗളൂരുവില് പോലീസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതിനു പ്രതികാരമായാണ് സുഹൃത്തായ അബൂബക്കർ അല് മുതാഖിന് ഫോഴ്സ് (എ.എം.എഫ്) എന്ന സംഘടന തുടങ്ങിയത്. മധുരയ്ക്ക് പുറമെ തിരുനൽവേലി, ട്രിച്ചി, ചെന്നൈ, കോയമ്പത്തൂർ, ഡിണ്ടിഗല് തുടങ്ങി അഞ്ച് ജില്ലയിലേക്കും ഇവര് പ്രവർത്തനം വ്യാപിപ്പിച്ചു. നേരത്തെ അറസ്റ്റിലായ അബാസ് അലിയും അബ്ദുള് റഹ്മാനും സംഘടനയുടെ സജീവ പ്രവർത്തകരാണ്. 2003 മുതൽ 2014 വരെ മധുരയിലും പരിസര പ്രദേശങ്ങളിലും

തേനിയിലുമായി 15 സ്ഫോടനങ്ങള് സംഘടന നടത്തിയിരുന്നു. ഈ കേസിൽ ഇവരെ അറസ്റ്റ് ചെയ്തിരുന്നില്ല. 2016 നവംബർ ഒന്നിനാണ് മലപ്പുറം കലക്ടറേറ്റ് വളപ്പിലെ കോടതി പരിസരത്ത് വാഹനങ്ങള് നിർത്തിയിട്ടതിനു പിറകില് സ്ഫോടനം നടന്നത്. പ്രഷർ കുക്കര് ഉപയോഗിച്ചാണ് സ്ഫോടനം നടത്തിയതെന്നു ചോദ്യം ചെയ്യലില് പ്രതികൾ പറഞ്ഞതായി മലപ്പുറം ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ ഇന്നലെ പത്രസമ്മേളനത്തില് പറഞ്ഞു. സ്ഫോടനം നടന്ന സ്ഥലത്തുവച്ച് അൽകായ്ദ എന്ന അർഥം വരുന്ന ബേസ്മൂവ്മെന്റ് എന്ന സംഘടനയുടെ പേരില് പെൻഡ്രൈവ് ലഭിച്ചിരുന്നു. ഇതിൽ പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവവരെ വധിക്കുമെന്നും എംബസികൾ തകർക്കുമെന്നും ഭീഷണിയുമുണ്ടായിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിയിരുന്നു. മലപ്പുറം സ്ഫോടനത്തിനു ശേഷം പാലക്കാട് കലക്ടറേറ്റിലും സ്ഫോടനം നടത്താന് പദ്ധതിയിട്ടതായുള്ള തെളിവുകള് പിന്നീട് പോലീസിനു ലഭിച്ചു. കൊല്ലം കലക്ടറേറ്റ്, ആന്ധ്രയിലെ ചിറ്റൂർ, നെല്ലൂർ, കർണാടകയിലെ മൈസൂര് എന്നിവിടങ്ങളിലും സമാന സ്ഫോടനങ്ങളുണ്ടായി. അറസ്റ്റിലായ പ്രതികൾക്കെതിരെയാണ് ഈ സംഭവങ്ങളിലും കേസുള്ളത്. മലപ്പുറത്തു സ്ഫോടനം നടത്തിയത് എന്തിനാണെന്നു വ്യക്തമായിട്ടില്ല. മധുരയിൽ നിന്നു പാലക്കാട് വഴി മലപ്പുറത്ത് ബസിലെത്തി ഒരു ദിവസം കൊണ്ടു തിരിച്ചു പോകാവുന്ന ദൂരം എന്ന നിലയ്ക്കാണ് മലപ്പുറവും കൊല്ലവും തെരഞ്ഞെടുത്തത്. മലപ്പുറത്തുൾപ്പെടെ വീര്യം കുറഞ്ഞ സ്ഫോടനമാണ് നടത്തിയത്. ആളപായമോ കാര്യമായ നാശനഷ്ടമോ ഉണ്ടായിട്ടുമില്ല. ഇത്തരം ചെറു സ്ഫോടനങ്ങള് നടത്തുന്നതിന്റെ കാരണമെന്താണെന്ന് ഇതുവരെ വ്യക്തമായിട്ടില്ല. ഉപയോഗിച്ച സ്ഫോടക വസ്തുക്കള് വീര്യം കൂട്ടാവുന്ന തരത്തിലുള്ളതാണ്. തങ്ങളെ ദ്രോഹിച്ചാൽ തിരിച്ചും ദ്രോഹിക്കും എന്നറിയിക്കുകയായിരുന്നു പ്രതികളുടെ ലക്ഷ്യമെന്നു മലപ്പുറം ജില്ലാപോലീസ് മേധാവി പറഞ്ഞു. ഭീകര പ്രവർത്തനം തമിഴ്നാടിനു പുറത്തേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2015ൽ അബൂബക്കറും അബാസ്അലിയും അബ്ദുല് റഹ്മാനും ചേർന്നു ബേസ് മൂവ്മെന്റ് സ്ഥാപിക്കുന്നത്. ഓരോ സ്ഫോടനം നടത്തുമ്പോഴും ഉത്തരവാദിത്വം ഏറ്റെടുത്തും സംഘടനയുടെ ഉദേശ

ലക്ഷ്യം, കാരണങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാരുകള്, രാഷ്ട്രീയ പാർട്ടികള്, മാധ്യമങ്ങള് എന്നിവർക്ക് വാട്സ്ആപ്, എസ്.എം.എസ് സന്ദേശങ്ങൾ നൽകുകയും ബേസ് മൂവ്മെന്ററിന്റെ ശൈലിയായിരുന്നു. രണ്ടു സംഘടനകളുടെയും തലവനായിരുന്ന അബൂബക്കറാണ് ദക്ഷിണേന്ത്യൻ നഗരങ്ങളായ ചിറ്റൂര്, കൊല്ലം, മൈസൂർ, നെല്ലൂര്, മലപ്പുറം എന്നിവിടങ്ങളിലെ കോടതി പരിസരത്ത് നടന്ന സ്ഫോടനങ്ങളുടെ മുഖ്യസൂത്രധാരൻ. അബൂബക്കറിന്റെ നിർദേശ പ്രകാരം അബാസലിയാണ് മറ്റു പ്രതികളുമായി ചേർന്നു സ്ഫോടനങ്ങള് നടത്തിയത്. ബോംബ് വയ്ക്കാനുള്ള സ്ഥലം തെരഞ്ഞെടുത്തതും അബൂബക്കറായിരുന്നു. ഇമാം അലിയെ ജയിലിൽ സന്ദർശിച്ചാണ് അബൂബക്കർ ബോംബ് നിർമാണം പഠിച്ചതെന്ന് പോലീസ് പറഞ്ഞു. പാകിസ്ഥാന് ചാരസംഘടനയായ ഐ.എസ്.ഐയുമായി ബന്ധമുണ്ടായിരുന്ന അൽഉമ്മ നേതാവ് ഇമാം അലിയുടെ സുഹൃത്ത് എന്ന നിലയിൽ അബൂബക്കറിനു അന്താരാഷ്ട്ര ഭീകര സംഘടനകളുമായി ബന്ധമുണ്ടോയെന്നും പിടിയിലായ അബ്ദുള് റഹ്മാന് ഉൾപ്പെടെ എ.എം.എഫിലെ മറ്റു സംഘാംഗങ്ങളെക്കുറിച്ചും അന്വേഷിച്ചു വരികയാണെന്നു അന്വേഷണ ചുമതലയുള്ള മലപ്പുറം നാർക്കോട്ടിക് സെല് ഡിവൈ.എസ്.പി: പി.ടി ബാലൻ അറിയിച്ചു. ഇമാം അലിയെയും കൂട്ടാളികളെയും വധിച്ച സംഘത്തിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ 2020 നുള്ളിൽ വകവരുത്തുന്നതുൾപ്പെടെ ഭാവിയിൽ നിരവധി ഭീകരാക്രമണങ്ങൾക്കും സംഘടന ആസൂത്രണം ചെയ്തിരുന്നു. ദേബേഷ് കുമാര് ബെഹ്റയുടെ നിർദേശ പ്രകാരം ഡിവൈ.എസ്.പി: പി.ടി ബാലന്റെ നേതൃത്വത്തിൽ ഐ.പി സന്തോഷ്, എസ്.ഐമാരായ ജ്യോതീന്ദ്രകുമാർ, ബിനു. ബി.എസ്, സ്പെഷ്യൽ സ്കാഡ് അംഗങ്ങളായ പ്രമോദ്, അബ്ദുല്ല ബാബു. എൻ.എം, മുഹമ്മദ് ഷാക്കിർ. എസ്.എ, രാജേഷ്, ഫാസിൽ, ജാബിർ, ബിനോബ് എന്നിവരടങ്ങിയ സംഘമാണു പ്രതികളെ പിടികൂടിയത്.